**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **11-02-2025 - ൽ മറുപടിയ്ക്ക്**

**വില്ലുമല പ്രീ മെട്രിക് ഹോസ്റ്റലിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കുളത്തൂപ്പുഴ വില്ലുമല നഗറിൽ ആരംഭിച്ച പട്ടികവർഗ്ഗ പ്രീ മെട്രിക് ഹോസ്റ്റൽ തകർച്ചയിൽ ആയതിനെ തുടർന്ന് വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**വില്ലുമല പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ, ബേയ്സ്മെന്റ് എന്നിവയ്ക്ക് യാതൊരുവിധ കേടുപാടുകളും, വിള്ളലുകളും കാണാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ കെട്ടിടം ഘടനാപരമായി ഉറപ്പുള്ളതാണെന്നും കൂടാതെ കെട്ടിടത്തിന്റെ ചുറ്റുമതിൽ ബലപ്പെടുത്തിയും കോമ്പൗണ്ടിൽ വെള്ളം കയറാതെ സംരക്ഷിച്ചും കെട്ടിടത്തിൽ അടിയന്തിര അറ്റകുറ്റപണികൾ നിർവ്വഹിച്ചും കെട്ടിടം പുനരുപയോഗിക്കാവുന്നതാണെന്ന് പി.ഡബ്ല്യു.ഡി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നതിനായി കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.** |
| (ബി) | പ്രസ്തുത ഹോസ്റ്റലിനോട് ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിനായി നിർമ്മിച്ച ആയുർവേദ ഡിസ്പെൻസറി കെട്ടിടം കാലപ്പഴക്കത്താൽ തകർന്ന് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിനായി കുളത്തൂപ്പുഴയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിൽ പരിശോധനാ മുറി, ഫാർമസി, മരുന്ന് സബ്സ്റ്റോക്ക് മുറി, ഒരു ബാത്റൂം എന്നിവയാണ് നിലവിലുള്ളത്. ടി കെട്ടിടത്തിന്റെ ജനലുകളും, വാതിലുകളും പൊളിഞ്ഞ അവസ്ഥയിലാണുള്ളത്. ടി കെട്ടിടത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കുളത്തൂപ്പുഴ പഞ്ചായത്ത് അസി.എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി വാങ്ങുന്നതിനും, കെട്ടിടത്തിന്റെ ടോയ്ലറ്റിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ പ്രാദേശികമായി നിർവഹിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | കുളത്തൂപ്പുഴ വില്ലുമല പട്ടികവർഗ്ഗ നെയ്ത്തുശാല/ പരിശീലനകേന്ദ്രം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി | (സി) | കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴയിലെ വില്ലുമല പട്ടികവർഗ്ഗ നെയ്ത്ത് ശാല പുനരുജ്ജീവിപ്പിക്കാനായി |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ വകുപ്പിന്റെ മേൽനോട്ടത്തിൽ വിശദമായ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് പുനരുജ്ജീവിപ്പിച്ച് ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | ജില്ലാ വ്യവസായ സഹകരണസംഘം സമർപ്പിച്ചിരുന്ന 18,75,000/- രൂപയുടെ പ്രൊപ്പോസലിന് 2021-22 വർഷത്തിൽ ജില്ലാ വികസന സമിതി അംഗീകാരം നൽകിയിരുന്നു. എന്നാൽ ധനകാര്യവകുപ്പിന്റെ ക്ലിയറൻസ് ലഭിക്കാത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെയ്ത്ത് സഹകരണസംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ